(സി) ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ഓരോ കർഷകന്റെ കൃഷിയിടങ്ങളിൽ തന്നെ ആവശ്യമുള്ള ജൈവ വളം ഉത്പാദിപ്പിക്കുന്നതിന് റ്റൗൽ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് എന്നിവയുടെ നിർമ്മാണത്തിന് കർഷകർക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

പുതിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം

4 (*124) ശ്രീ. ജി. സുധാകരൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിഭജിച്ച് പുതിയവ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊണ്ടത് ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദമാക്കാമോ; ഇത് സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളോട് അഭിപ്രായം ആരായുകയുണ്ടായിട്ടുണ്ടോ ;

(സി) പ്രസ്തുത തീരുമാനംമൂലം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും കണക്ക് ലഭ്യമാണോ ;

(ഡി) വൈകി ആരംഭിച്ച പുനർനിർണ്ണയവും പുതിയ തദ്ദേശസ്ഥാപനങ്ങൾ രൂപീകരിക്കലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് തടസ്സമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് വിഭജനം സംബന്ധിച്ച് പഠിക്കാൻ കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ പഠന ശേഷമാണ് സർക്കാർ തീരുമാനം എടുത്തിട്ടുള്ളത്. 2010-ൽ ചെയ്തതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. പ്രാഥമിക വിജ്ഞാപനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഭിപ്രായം അറിയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) സാമ്പത്തിക ബാധ്യതയുണ്ടാകും. കൃത്യമായ ബാധ്യത കണക്കാക്കി വരുന്നു.

(ഡി) തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly